DESPATCHED On 29/06/2020
6/3/20

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

ഹർജി നമ്പർ **AP.No.1602(5)/19/SIC**
തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No. 12773/SIC-G7/2019**

സന്നിഹിത
ശ്രീമതിശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ

**ശ്രീ. സണ്ണി. പി. ദേവസ്സി**
**പൊറത്തൂർവീട്,**
**ആശാരിക്കാട് പി.ഒ,**
**തൃശ്ശൂർ – 680 751.**

} **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ,**
**പാലക്കാട് –679 101**

**അപ്പീൽഅധികാരി,**
**സബ്ഡിവിഷണൽ പോലീസ്ഓഫീസ്,**
**ഷൊർണ്ണൂർ**

} **എതിർകക്ഷികൾ**

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 03.05.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 31.05.2019 |
| ഒന്നാംഅപ്പീൽ | 12.06.2019 |
| അപ്പീൽ അധികാരിയുടെതീരുമാനം | 20.06.2019 |
| രണ്ടാംഅപ്പീൽ | 29.07.2019 |
| ഹിയറിംഗ്തീയതി, സ്ഥലം | 24.02.2020,വീഡിയോകോൺഫറൻസ്ഹാൾ, കളക്ടറേറ്റ്,തൃശ്ശൂർ |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട്വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെആവശ്യപ്പെട്ടത്,ക്രൈം 1663/2012, 1153/2017 എന്നീകേസുകളുടെഎഫ്.ഐ.ആർ, എഫ്.ഐ.എസ്, സംഭവസ്ഥല മഹസ്സർ, സ്വീഷർ മഹസ്സർ, വൂണ്ട്സർട്ടിഫിക്കറ്റ്, വാഹനത്തിന്റെ വിശദവിവരം, ചാർജ്ഷീറ്റ് എന്നിങ്ങനെയുള്ള വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു.

3. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി മൊഴി നൽകിയത്, പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകി എന്നാണ്. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, മേപ്പടി അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട വിവരം ഒരു മൂന്നാംകക്ഷി വിവരമാണെന്ന് അറിയിച്ചു കൊണ്ട് ഒന്നാം എതിർകക്ഷി വിവരം നിഷേധിക്കുകയും ഒന്നാം അപ്പീലിന് നൽകിയ മറുപടിയിൽ ഒന്നാം അപ്പീൽ അധികാരി എസ്.പി.ഐ.ഒ എന്ന നിലയിലാണ് മറുപടി നൽകിയിട്ടുള്ളത് എന്നും കമ്മീഷന് ബോദ്ധ്യപ്പെട്ടു.

4. അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം നിഷേധിക്കുകയും കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിക്കാതിരിക്കുകയും ചെയ്ത എസ്.പി.ഐ.ഒയുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിതകാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമംവകുപ്പ് 20 (1) പ്രകാരമുള്ളശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായിതീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ്കൈപ്പറ്റി 15 ദിവസത്തിനകംരേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിതസമയത്തിനുള്ളിൽ യാതൊരുമറുപടിയുംലഭിച്ചിട്ടില്ലെങ്കിൽഎതിർകക്ഷിയ്ക്ക്യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

5. അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരവും പകർപ്പും ലഭ്യമാകാത്ത സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട പകർപ്പുകളും വിവരങ്ങളും അടിയന്തിരമായി നൽകുകയും വിവരം കമ്മീഷനെ അറിയിക്കുകയും ചെയ്യേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് വാക്കാൽ നിർദ്ദേശം നൽകിയിരുന്നു. കമ്മീഷന്റെ വാക്കാൽ നിർദ്ദേശം നടപ്പിലാക്കി നാളിതുവരെ റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ ആയതിനുള്ള വിശദീകരണം ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനകം കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്.

6. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 മാർച്ച് മാസം 6 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATI